# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1585   03.05.2017-ൽ മറുപടിയ്ക്ക്

## ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; ആയതിൽ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണെന്നും, എന്താണ് അവർക്കെതിരെയുള്ള കേസുകളെന്നു മുള്ള വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 473 (465+8) ഉദ്യോഗസ്ഥർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനു ബന്ധം (1) ആയി ചേർക്കുന്നു.<br>പ്രസ്തുത കേസുകളിലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എല്ലാ കേസ്സുകളും അന്വേഷണത്തിലാണ്. ചാർജ്ജ് ഷീറ്റ് നല്കിയിട്ടില്ല. വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. |
| ബി) | വിജിലൻസ് സ്വമേധയാ എടുത്ത കേസുകൾ കൂടാതെ കോടതി നിർദ്ദേശാനുസരണം എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തിവരുന്നുണ്ട്; ഓരോ കേസിലും ചാർജ് ഷീറ്റ് കൊടുത്തവ, ഇനി കൊടുക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോടതി നിർദ്ദേശാനുസരണം 54 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതിന്റെ വിവരം അനുബന്ധം (3) ആയി ചേർക്കുന്നു. എല്ലാ കേസ്സുകളും അന്വേഷണ ത്തിലാണ്. ചാർജ്ജ് ഷീറ്റ് നൽകിയിട്ടില്ല. |
| (സി) | ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകളിൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചവ ഏതെല്ലാം കേസുകളിലാണ്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) | ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ക്കെതിരെയുള്ള കേസുകളിൽ ചീഫ് സെക്രട്ടറി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച കേസുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | വകുപ്പ് | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| 1 | സഹകരണ വകുപ്പ് | 12 |
| 2 | സിവിൽ സപ്ലൈസ് | 41 |
| 3 | മോട്ടോർ വെഹിക്കിൾ വകുപ്പ് | 11 |
| 4 | വ്യവസായ വകുപ്പ് | 26 |
| 5 | ജലഗതാഗത വകുപ്പ് | 3 |
| 6 | നഗര കാര്യം(കോർപ്പറേഷൻ + മുനിസിപ്പാലിറ്റി) | 67 |
| 7 | റവന്യൂ വകുപ്പ് | 72 |
| 8 | മൈനിംങ് & ജിയോളജി | 2 |
| 9 | പൊതുമരാമത്തു വകുപ്പ് | 27 |
| 10 | എക്സൈസ് വകുപ്പ് | 4 |
| 11 | പഞ്ചായത്ത് | 48 |
| 12 | സർവ്വേ | 6 |
| 13 | പിന്നോക്ക വികസന വകുപ്പ് | 2 |
| 14 | പോലീസ് | 23 |
| 15 | കശുവണ്ടി വികസന കോർപ്പറേഷൻ | 2 |
| 16 | ആരോഗ്യ വകുപ്പ് | 12 |
| 17 | രജിസ്ട്രേഷൻ | 10 |
| 18 | ദേവസ്വം | 12 |
| 19 | യൂണിവേഴ്സിറ്റി | 1 |
| 20 | ഹാർബർ | 6 |
| 21 | സ്പോർട്ട്സ് | 1 |
| 22 | സാമൂഹ്യ നീതി വകുപ്പ് | 2 |
| 23 | കെ.എസ്.ഇ.ബി. | 1 |

| | | |
|---|---|---|
| 24 | വിദ്യാഭ്യാസ വകുപ്പ് | 31 |
| 25 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ. | 1 |
| 26 | ജലഗതാഗത വകുപ്പ് | 14 |
| 27 | നികുതി വകുപ്പ് | 2 |
| 28 | കൃഷി വകുപ്പ് | 3 |
| 29 | ട്രഷറി | 9 |
| 30 | എസ്.സി./എസ്.റ്റി. വികസന വകുപ്പ് | 12 |
| 31 | കോടതി | 1 |
| 32 | വാണിജ്യ നികുതി | 1 |
| | ആകെ | 465 |

സെക്ഷൻ ഓഫീസർ

പ്രസ്തുത കേസുകളിലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ വിവരം

| ക്രമ നമ്പർ | വി.സി. നമ്പർ | പേര് | ആരോപണം |
|---|---|---|---|
| 1 | വി.സി. 3/17/ എസ്.ഐ.യു.1 | ശ്രീ. ഭരത് ഭൂഷൺ. ഐ.എ.എസ്., മുൻ ചീഫ് സെക്രട്ടറി | കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട് 1986-ലെ സെക്ഷൻ 16-ന് വിരുദ്ധമായി സിവറേജ് പൈപ്പ് ലൈൻ മാറ്റിയിട്ട് സ്വകാര്യ വ്യക്തിക്ക് അന്യായമായി നേട്ടമുണ്ടാക്കുന്നതിന് സഹായകരമായി പ്രവർത്തിച്ചു എന്നുള്ളത്. |
| 2 | വി.സി. 6/16/ എസ്.ഐ.യു-1 | ശ്രീ. ടോം ജോസ്. ഐ.എ.എസ്., | കെ.എം.എം.എൽ. മാനേജിംഗ് ഡയറക്ടറായിരിക്കെ മഗ്നീഷ്യം ഇറക്കുമതിയുമായി ബന്ധപ്പെട്ടത് |
| 3 | വി.സി. 1/17/ എസ്.ഐ.യു-II | ശ്രീ.പോൾ ആന്റണി ഐ.എ.എസ്. | മുൻ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. ഇ.പി. ജയരാജന്റെ ബന്ധുവായ ശ്രീ. പി.കെ. സുധീറിനെ കെ.എസ്.ഐ.ഇ. എം.ഡി-യായി നിയമിച്ചതുമായി ബന്ധപ്പെട്ട്. |
| 4 | വി.സി. 21/16/എസ്.സി.ഇ | ശ്രീ. ടോം ജോസ്., ഐ.എ.എസ്സ്. | അനധികൃത സ്വത്ത് സമ്പാദനം |
| 5 | വി.സി. 6/16/എൻ.ആർ.കെ | ശ്രീ. ഷെയ്ഖ് പരീത് ഐ.എ.എസ്സ്. | കണ്ണൂർ ജില്ലാ കെട്ടിട നിർമ്മാണ സാമഗ്രി-ഫർണിച്ചർ സഹകരണ സംഘം, സി-1630, ചക്കരകല്ല്, കണ്ണൂർ എന്ന സഹകരണ സംഘത്തിന്റെ ഭാരവാഹികളായി ക്രിമിനൽ ഗൂഢാലോചനയിൽ ഏർപ്പെടുകയും അതിന്റെ ഫലമായി മേൽപ്പറഞ്ഞ സഹകരണ സംഘത്തെ വഴിവിട്ട സഹായിക്കുന്നതിനായി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11/3/15 തീയതിയിലെ ഡബ്ല്യു.പി. (സി.)-5073/15 നമ്പർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് ഹൈക്കോടതി ഉത്തരവിന്മേൽ എന്ന വ്യാജേന മേൽ സഹകരണ സംഘത്തെ കണ്ണൂർ അഴീക്കൽ തുറമുഖത്തു നിന്നും മണൽ ഖനനം ചെയ്യുന്ന സംഘങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും 2014-15 വർഷത്തിൽ ഈ സംഘത്തിന് പെർമിറ്റ് ലഭിക്കുകയും അതുവഴി സംഘം അനർഹമായ സാമ്പത്തിക ലാഭം ഉണ്ടാക്കി എന്നും മറ്റും. |

| | | | |
|---|---|---|---|
| 6 | വി.സി. 32/16/ജി.ഡി.ബി/ ടി.എസ്.ആർ | ശ്രീ. ഗോപാല മേനോൻ ഐ.എ.എസ്സ്. | ഗുരുവായൂർ ദേവസ്വത്തിലെ നിയമനവും പ്രമോഷനില്ലുമുള്ള അഴിമതി സംബന്ധിച്ച്. |
| 7 | വി.സി. 6/16/ഇ.ആർ.കെ. | ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്സ്. | കോട്ടയം ജില്ലയിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പേരിൽ കോടിക്കണക്കിന് രൂപയുടെ വർക്കുകൾ ടെൻഡർ മാനദണ്ഡങ്ങൾ മറികടന്നു കൊടുത്തു. |
| 8 | വി.സി. 5/16/ എസ്.ഐ.യു.-1 | ശ്രീ.ടോമിൻ ജെ തച്ചങ്കരി ഐ.പി.എസ്സ്. | ട്രാൻസ്പോർട്ട് കമ്മീഷണറായിരിക്കെ ഇടനിലക്കാരൻ വഴി പാലക്കാട് ആർ.ടി.ഒ.-യിൽ നിന്നും മൂന്ന് ലക്ഷം രൂപ കൈക്കൂലിയായി കൈപ്പറ്റി എന്നുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-3

| ക്രമ നമ്പർ | വകുപ്പ് | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| 1 | മിൽമ | 1 |
| 2 | വ്യവസായം | 2 |
| 3 | ഗതാഗത വകുപ്പ് | 7 |
| 4 | റവന്യൂ | 15 |
| 5 | ആരോഗ്യം | 1 |
| 6 | വാണിജ്യ നികുതി | 6 |
| 7 | പൊതുമരാമത്ത് വകുപ്പ് | 4 |
| 8 | പഞ്ചായത്ത് | 21 |
| 9 | ദേവസ്വം | 3 |
| 10 | ടെക്നിക്കൽ എജ്യൂക്കേഷൻ | 2 |
| 11 | വിദ്യാഭ്യാസ വകുപ്പ് | 8 (1 എഫ്.ഐ.ആർ. റദ്ദു ചെയ്തു.) |
| 12. | കൊളീജിയേറ്റ് എജ്യൂക്കേഷൻ | 10 |
| 13 | ഉന്നത വിദ്യാഭ്യാസം | 1 |
| 14 | കൃഷി | 2 |
| 15 | സഹകരണ വകുപ്പ് | 25 |
| 16 | നഗര വികസന വകുപ്പ് | 13 |
| 17 | സിവിൽ സപ്ലൈസ് | 1 |
| 18 | രജിസ്ട്രേഷൻ | 8 |
| ആകെ | | 130 |

സെക്ഷൻ ഓഫീസർ